കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# പേരയം ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

# 2016-17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.
e-mail:doklm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നം.കെ.എസ്.എ.കെ.എൽ.എം.പി-4 -1116 /2017

കേരള സംസ്ഥാന ഓഡിറ്റ് സീനിയർ

ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം

കൊല്ലം ജില്ല

തീയതി, 15/06/2017

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

പേരയം ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : പേരയം ഗ്രാമ പഞ്ചായത്ത് - 2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

************************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പേരയം ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാ ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർനടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, 3 എന്നിവയിലെ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്(കേരള പഞ്ചായത്ത് രാജ്-പരിശോധനാ രീതിയും ഓഡിറ്റ്

സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14, 15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1), (2) എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം.

3)കാര്യാലയ പകർപ്പ്

നം .കെ.എസ്.എ.കെ.എൽ.എം.പി4-1116/17 തീയതി:15/06/2017

## കൊല്ലംജില്ലയിലെ പേരയം ഗ്രാമപഞ്ചായത്തിന്റെ 2016-17സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കൊല്ലം ജില്ലയിലെ പേരയം ഗ്രാമപഞ്ചായത്തിന്റെ 2016-17സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 15-12-2016 മുതൽ 31-03-2017 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 12 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 11 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സ്റ്റേറ്റ് ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീമതി.ഗീത.എം,<br>ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 01-06-2017 മുതൽ 13-06-2017 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ.നവീൻ ചന്ദ്രൻ | ഓഡിറ്റ് ഓഫീസർ |
| | ശ്രീ.മനു.കെ.നായർ | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീമതി.ഷീബാകൃഷ്ണൻ.വി | സീനിയർ ഗ്രേഡ് ഓഡിറ്റർ |

| | | |
|---|---|---|
| | ശ്രീ.മണിലാൽ.വി | ഓഡിറ്റ് ഓഫീസർ (09.06.17മുതൽ 12.06.17 വരെ) |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | സ്റ്റാൻസി യേശുദാസൻ | 01-04-2016മുതൽ 31-03-2017വരെ |
| സെക്രട്ടറി | ശ്രീമതി.മേബിൾ.എസ് | 1-04-16 മുതൽ 31-05-16 വരെ |
| | ശ്രീ.പ്രേമചന്ദ്രൻ പിള്ള | 01-06-16 മുതൽ 07-08-16 വരെ |
| | ശ്രീമതി.ശ്രീലേഖ.എൽ.എച്ച് | 08-08-16 മുതൽ 04-02-17വരെ |
| | ശ്രീ.പ്രേമചന്ദ്രൻ പിള്ള | 05-02-17മുതൽ 07-02-17വരെ |
| | ശ്രീമതി.കുമാരി ബീന.കെ | 08-02-17മുതൽ 31-03-17വരെ |
| നിർവ്വഹണ ഉദ്യോഗസ്ഥർ | | |
| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
| വെറ്റിനറി സർജൻ | ഡോ.ദീപ്തി | 01-04-16മുതൽ 30-09-16വരെ |
| | ഡോ.അഞ്ജു എബ്രഹാം | 1-10-16മുതൽ 31-03-17വരെ |

| | | |
|---|---|---|
| അസി.എഞ്ചിനീയർ | ശ്രീ.ഷാജിലാൽ.കെ | 1-04-16മുതൽ 12-10-16വരെ |
| | ശ്രീമതി.ലക്ഷ്മി മോഹൻലാൽ | 13-10-16മുതൽ 31-03-17വരെ |
| കൃഷിഓഫീസർ | ശ്രീമതി.സീന | 1-04-16മുതൽ 31-03-17വരെ |
| വി.ഇ.ഒ | ശ്രീ.സുമേഷ് | 1-04-16 മുതൽ 31-03-17വരെ |
| ഐ.സി.ഡ്.എസ് സൂപ്പർവൈസർ | ശ്രീമതി.ഗ്രേസി.എ | 1-04-16 മുതൽ 31-03-17വരെ |
| മെഡിക്കൽ ഓഫീസർ പി.എച്ച്.സി | ഡോ.അനീഷ്ജോസ്.എ | 1-04-16മുതൽ 30-04-16വരെ |
| | ഡോ.ലക്ഷ്മി.വി | 1-05-16 മുതൽ 23-05-16വരെ |
| | ഡോ.അനീഷ്ജോസ്.എ | 24-05-16 മുതൽ 29-05-16 വരെ |
| | ഡോ.ലക്ഷ്മി.വി | 29-05-16 മുതൽ 27-06-16 വരെ |
| | ഡോ.അശ്വിൻ.ഡി | 27-06-16 മുതൽ 31-03-17വരെ |
| മെഡിക്കൽ ഓഫീസർ ഹോമിയോ | ഡോ.ശ്രീരേഖ | 01-04-16 മുതൽ 24-01-17 വരെ |
| | ഡോ.പിങ്കി.എ | 25-01-17 മുതൽ 31-03-17വരെ |

| | | |
|---|---|---|
| ഹെഡ്മിസ്ട്രസ്സ്, ഗവ.എൽ.പി.എസ് | ചെറുപുഷ്പം | 01-04-16 മുതൽ 31-03-17 വരെ |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ശ്രീമതി.ശ്രീദേവി | 01-04-16 മുതൽ 31-03-17വരെ |
| സബ്ഇൻസ്പെക്ടർ ഫിഷറീസ് | ശ്രീമതി.സ്മിതാഗോപാൽ | 01-04-16മുതൽ 14-07-16വരെ |
| | ഉദ്യോഗസ്ഥർ ഇല്ല | 15-07-16 മുതൽ 20-07-16 വരെ |
| | ശ്രീ.നൗഷർഖാൻ | 20-07-16 മുതൽ 4-01-17വരെ |
| | ശ്രീമതി.സോഫ്ജി | 05-01-17 മുതൽ 31-01-17വരെ |
| | ഉദ്യോഗസ്ഥർ ഇല്ല | 1-02-17 മുതൽ 12-02-17വരെ |
| | ശ്രീ.നൗഷർഖാൻ | 13-02-17മുതൽ 31-03-17വരെ |

## ഉള്ളടക്കം

| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 1-3 |

| | | |
|---|---|---|
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തനത് വരുമാനം | 1-7 |
| 8 | ക്ഷേമ പദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| | ഭാഗം 2 | |
| 12 | നിഷ്ക്രിയ അക്കൗണ്ടുകൾ | 2-1 |
| 13 | തൊഴിൽ നികുതി ഈടാക്കുന്നില്ല | 2-2 |
| | ഭാഗം 3 | |
| 14 | വീട് പുനരുദ്ധാരണം-അർഹതയില്ലാത്ത വ്യക്തിക്ക് ആനുകൂല്യം നൽകി- 25000/- രൂപ നിരാകരണം | 3-1 |
| 15 | മൽസ്യ തൊഴിലാളികളുടെ മക്കൾക്ക് ഫണിച്ചർ- 8000/-രൂപ തടസ്സം | 3-2 |
| 16 | പേരയം മാർക്കറ്റിലെ സ്വാശ്രയ ജൈവ കാർഷിക വിപണി-വിപണന കേന്ദ്രം സൗകര്യങ്ങൾ ഒരുക്കിയില്ല | 3-3 |

| | | |
|---|---|---|
| 17 | ആസ്തി രജിസ്റ്റർ നിർദ്ദേശത്തിനനുസരിച്ച് പരിപാലിക്കുന്നില്ല | 3-4 |
| 18 | പുറമ്പോക്ക് രജിസ്റ്റർ പരിപാലിക്കുന്നില്ല | 3-5 |
| 19 | ഒ.ഡി.എഫ് കക്കൂസ് നിർമ്മാണം-കക്കൂസ് നിർമ്മിക്കാതെ തുക നൽകി | 3-6 |
| 20 | ക്ഷീര സംഘങ്ങൾ മുഖേന വിതരണം ചെയ്യുന്ന പാലിന് 1418/- രൂപ അധികം സബ്സിഡി നൽകി | 3-7 |
| 21 | പത്താംതരം തുല്യതാ പഠനം-ധന വിനിയോഗ സർട്ടിഫിക്കറ്റില്ല | 3-8 |
| 22 | ഗവൺമെന്റ് ഉത്തരവിന് വിരുദ്ധമായി തുക നൽകി - 613860/- രൂപ തടസ്സം | 3-9 |
| 23 | പേരയം മൃഗാശുപത്രി-കെട്ടിട നിർമ്മാണത്തിൽ അപാകതകൾ | 3-10 |
| 24 | സമ്പൂർണ്ണ വൈദ്യുതീകരണം- 50000/- രൂപ തടസ്സം | 3-11 |
| 25 | കെ.എസ്.ഇ.ബി, വാട്ടർ അതോറിറ്റി സംയുക്ത പരിശോധന നടത്തിയില്ല | 3-12 |
| 26 | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) നടത്തിയ പദ്ധതികളിലെ അപാകതകൾ | 3-13 |
| 27 | മെഡിക്കൽ ഓഫീസർ (ഹോമിയോ) പദ്ധതികളിലെ അപാകതകൾ | 3-14 |
| 28 | കുമ്പളം പബ്ലിക് ലൈബ്രറിക്ക് കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ-ചുമതലയിൽപ്പെടാത്ത ചെലവ് | 3-15 |

| | ഭാഗം 4 | |
|---|---|---|
| 29 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 30 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരം | 4-2 |
| 31 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 32 | വായ്പ്പാ /വായ്പ്പാ തിരിച്ചടവ് | 4-4 |
| 33 | സ്ഥിര നിക്ഷേപങ്ങൾ | 4-5 |
| 34 | ഓഡിറ്റ് റിക്കവറി | 4-6 |
| 35 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 36 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 37 | തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-9 |
| 38 | ഓഡിറ്റ് സാക്ഷ്യപത്രം | 4-10 |

# ഭാഗം 1

## പൊതു അവലോകനം

### 1-1 ബജറ്റ്

2016-17വർഷത്തെ ബജറ്റ്/പുതുക്കിയ ബജറ്റ് 23-03-2017 തിയതിയിലെ I-ാം നം. തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് സിംഗിൾ എൻട്രി സമ്പ്രദായത്തിലും വാർഷിക ധനകാര്യ പത്രിക അക്രൂവൽ അടിസ്ഥാനത്തിൽ ഡബിൾ എൻട്രി സമ്പ്രദായത്തിലും തയ്യാറാക്കിയിട്ടുള്ളതിനാൽ ഇവ തമ്മിൽ താരതമ്യം ചെയ്യാൻ ഓഡിറ്റിന് കഴിഞ്ഞിട്ടില്ല.

### 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-07-2017 | 01-06-2017 | - | - |

### 1-3 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2016-17 | 07-06-2017 | കെ.എസ്.എ.കെ.എൽ.എം.പി 6/ /2017 തീയതി- - -2017 |

<u>ന്യൂനതകൾ</u>

1 മുൻവർഷത്തേത് ഉൾപ്പടെയുള്ള ആസ്തിയുടെ മൂല്യം തിട്ടപ്പെടുത്തി ഉൾപ്പെടുത്തിയിട്ടില്ല.

2 ബജറ്റ് ഫങ്ക്ഷൻ -ഫങ്ക്ഷനറി അടിസ്ഥാനത്തിലല്ല തയ്യാറാക്കിയിട്ടുള്ളത്. എന്നതിനാൻ സംഖ്യ അക്കൗണ്ട്സുമായി തുലനം ചെയ്യാൻ കഴിഞ്ഞിട്ടില്ല.

3 സെക്രട്ടറി ഒഴികെയുള്ള നിർവ്വഹണ ഉദ്യോഗസ്ഥരുടെ പ്രൊജക്ടുകളിൽ നിന്നും ഈടാക്കുന്ന വാറ്റ്, ആദായനികുതി, ക്ഷേമനിധി വിഹിതം ഇവ വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

4 വസ്തുനികുതി, ഡിമാന്റ്, കുടിശിക ഡിമാന്റ് കണക്കുകൾ രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല.

## 1-4 സാമ്പത്തികവിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 6873535 |
| വരവ് | 37834740 |
| ആകെ | 44708275 |
| ചെലവ് | 38847249 |
| നീക്കിയിരിപ്പ് | 5861026 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കി യിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | - | 8298143 | 8298143 | 8298143 | - | 100 |
| വികസനഫണ്ട് എസ്.സി.പി. | - | 1180350 | 1180350 | 1180350 | - | 100 |
| വികസനഫണ്ട് ടി.എസ്.പി. | - | 154638 | 154638 | 154638 | - | 100 |
| സംരക്ഷണഗ്രാന്റ് റോഡ് | - | 5447663 | 5447663 | 5447663 | - | 100 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | _ | 2108418 | 2108418 | 2108418 | - | 100 |

| | | | | | | |
|---|---|---|---|---|---|---|
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | - | 4108739 | 4108739 | 4108739 | - | 100 |
| പെർഫോമൻസ് ഗ്രാന്റ് | - | 444398 | 444398 | 444398 | - | 100 |
| എം.എൻ.ആർ. ഇ.ജി.എസ്. | 8406 | 15037314 | 15045720 | 15018478 | 27242 | 99.8 |
| ബി ഫണ്ട് | - | 22064135 | 22064135 | 22064135 | - | 100 |

## 1-6 പദ്ധതിഅവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 120 | 45818109 | 78 | 24545296 | 32 | 10 | 65 |

## 1-7 തനത് വരുമാനം

മുൻ വർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തിക വർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 14.10 ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 1871140 | 2211151 | 340011 | (+)15.3 |
| നികുതിയേതര വരവുകൾ | 1026545 | 1303504 | 276959 | (+)21.2 |
| മറ്റുവരവുകൾ | 5899368 | 6523384 | 624016 | (+)9.5 |
| ആകെ | 8797053 | 10038039 | 1240986 | (+)14.10 |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ

താഴെ കൊടുക്കുന്നു.

| ക്ഷേമ<br>പദ്ധതിയുടെ പേര് | ചെലവഴിച്ച<br>തുക | ഗുണഭോക്താ<br>ക്കളുടെ<br>എണ്ണം |
|---|---|---|
| തൊഴിൽരഹിത<br>വേതനം | 188280 | 105 |
| കർഷക തൊഴിലാളി പെൻഷൻ | 489350 | 55 |
| വിധവാ പെൻഷൻ | 7502970 | 700 |
| വാർദ്ധക്യകാല പെൻഷൻ | 10705075 | 1267 |
| വികലാംഗ പെൻഷൻ | 2490270 | 231 |
| 50വയസ്സിന് മുകളിലുള്ള അവിവാഹിതരായ സ്ത്രീകളുടെ പെൻഷൻ | 298190 | 28 |
| വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം | 390000 | 13 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 08-06-2017 ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 5124/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം

രജിസ്റ്ററുകളും രേഖകളും കൃത്യമായി സൂക്ഷിക്കുന്നുണ്ട്. എന്നാൽ ആസ്തി രജിസ്റ്റർ കാലികമല്ല. പരസ്യ നികുതി വരുമാനം ഇല്ല. ബൈലോ തയ്യാറാക്കി വരും വർഷങ്ങളിൽ പരസ്യ വരുമാനം ഉണ്ടാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്. തെരുവ് വിളക്കുകളുടെ എണ്ണം തിട്ടപ്പെടുത്തി മീറ്ററിംഗ് സമ്പ്രദായത്തിലേയ്ക്ക് മാറാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. കുടിവെള്ള ടാപ്പുകളുടെ എണ്ണം തിട്ടപ്പെടുത്തി വാർഡ് തലത്തിൽ രജിസ്റ്റർ സൂക്ഷിക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 16-05-2017 മുതൽ 18-05-2017വരെ | 2017മാർച്ച് | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 14-09-2017 മുതൽ 29-09-17വരെ | 1997-98മുതൽ 2006-07വരെ | 05-11-2017 |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 നിഷ്ക്രിയമായ അക്കൗണ്ടുകൾ

ഗ്രാമപഞ്ചായത്തിലെ താഴെപ്പറയുന്ന അക്കൗണ്ടുകൾ വർഷങ്ങളായി നിഷ്ക്രിയാവസ്ഥയിലാണ്.

| ഐറ്റം നം | ബാങ്കിന്റെ പേര് | അക്കൗണ്ട് നം | തുക |
|---|---|---|---|
| സുനാമി ഫണ്ട് | എസ്.ബി.ഐ. കുണ്ടറ | 67071942941 | 54727 |
| വാർധ്യകാല പെൻഷൻ | എസ്.ബി.ഐ. കുണ്ടറ | 67071942941 | 35905 |
| എസ്.ജി.ആർ.വൈ. | സർവീസ് കോഓപ്പറേറ്റീവ് ബാങ്ക് പേരയം | 927 | 28974 |

മേൽ അക്കൗണ്ടുകൾ തീർപ്പാക്കുന്നതിനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്.

## 2-2 തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

പേരയം പഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന ടേസ്റ്റി നട്ട്സ് ഇൻഡസ്ട്രീസ്, പേരയം എന്ന സ്ഥാപനം രണ്ടാം അർദ്ധ വർഷത്തെ തൊഴിൽ നികുതി ഒടുക്കു വരുത്തിയിട്ടില്ല. ഒന്നാം അർദ്ധ വർഷം ടി സ്ഥാപനത്തിൽ നിന്നും 1600/-രൂപ ഈടാക്കിയിട്ടുണ്ട്. രണ്ടാം അർദ്ധ വർഷത്തെ തൊഴിൽ നികുതി ഈടാക്കി ഒടുക്ക് വരുത്തി അറിയിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

**3-1** വീട് പുനരുദ്ധാരണം -അർഹതയില്ലാത്ത വ്യക്തിക്ക് തുക നൽകി.**-25000 /-**രൂപ നിരാകരിക്കുന്നു

ധനകാര്യ കമ്മീഷൻ ഗ്രാന്റ് :1275000/-

ബിൽ നം:10/16-17/17.017:50000/-രൂപ

11/16-17/23.017:50000/-രൂപ

12/16-17/04.02.17:200000/-രൂപ

17/16-17/20.02.17:400000/-രൂപ

21/16-17/06.03.17:250000/-രൂപ

26/16-17/18.03.17:125000/-രൂപ

31/16-17/30.03.17:100000/-രൂപ

34/16-17/01.04.17:100000/-രൂപ

വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ വീട് പുനരുദ്ധാരണം എന്ന പ്രോജക്ടിൽ(നം. 42/17) വാർഡ് നം.7-ൽ അനിൽകുമാർ എന്ന ഗുണഭോക്താവിന് വീട് പുനരുദ്ധാരണത്തിനു ബിൽ നം.11/23.01.17പ്രകാരം തുക നൽകി. എന്നാൽ പ്രസ്തുത വ്യക്തിക്ക് ഈ ആനുകൂല്യത്തിന് അർഹത ഇല്ല.

ശ്രീ.അനിൽകുമാറിന്റെ അപേക്ഷയോടൊപ്പം ഹാജരാക്കിയ റേഷൻ കാർഡിന്റെ പകർപ്പിലും, തിരിച്ചറിയൽ കാർഡിന്റെ പകർപ്പിലും വീട്ട് നം.251, ഷൈലജ മന്ദിരം എന്നതാണ് ടിയാന്റെ മേൽവിലാസം. എന്നാൽ പഞ്ചായത്ത് സെക്രട്ടറി നൽകിയ ഉടമസ്ഥാവകാശ സാക്ഷ്യപത്രത്തിൽ 250/ഷൈലജ മന്ദിരം എന്നതാണ് ടിയാന്റെ മേൽവിലാസം. വീട്ടു നമ്പറിലെ വ്യത്യാസം സംബന്ധിച്ചും, വീട് പുനരുദ്ധാരണം നടത്തിയത് സംബന്ധിച്ചും വി.ഇ.ഒ. ശ്രീ.സുമേഷ്.റ്റിയുമായി 09.06.17ൽ നടത്തിയ സ്ഥല പരിശോധനയിൽ ശ്രീ.അനിൽകുമാർ ഇപ്പോൾ താമസിക്കുന്നത് വീട്ട് നം.251/ഷൈലജ മന്ദിരത്തിൽ ആണെന്ന് ബോദ്ധ്യപ്പെടുകയും, വീട് പുനരുദ്ധാരണത്തിന് തുക അനുവദിച്ചു നൽകിയ ശ്രീ.അനിൽകുമാറിന്റെയും, ടിയാന്റെ ഭാര്യയുടെയും ഉടമസ്ഥതയിലുള്ള വീട്ട് നം 250/ഷൈലജാ മന്ദിരം, 4.5 ആർ വസ്തു, ടിയാൻ ഇപ്പോൾ വാടകയക്ക് നല്കിയിരിയ്ക്കുന്നതായി കാണാൻ കഴിഞ്ഞു. ടിയാൻ ഇപ്പോൾ താമസിക്കുന്ന വീടിന്റ(നം.251) കരം ഒടുക്ക് രസീത് പരിശോധനയക്ക് ഹാജരാക്കാനും, മേൽ അപാകത സംബന്ധിച്ച് വിശദീകരണത്തിന് ( നം.7/12.06.17) നിർവ്വഹണ ഉദ്യോഗസ്ഥൻ 16.01.12 ൽ സബ് ട്രഷറി കുണ്ടറയിൽ 308/12-ാം നമ്പർ പ്രകാരം ശ്രീ.അനില്കുമാറിന്റെ പേരിൽ രജിസ്റ്റർ ചെയ്തു 12.33 ആർ പുരയിടത്തിന്റെ വിലയാധാരത്തിന്റെ പകർപ്പും ടി വസ്തുവിന്റെ, ടിയാന്റെ പേരിലുള്ള കരം ഒടുക്ക് രസീതും പരിശോധനക്ക് ഹാജരാക്കിയിട്ടുള്ളതാണ്. കൂടാതെ വാലുവേഷൻ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലാണ് തുക നല്കിയിട്ടുള്ളതെന്നും ടിയാന്

മറ്റൊരു വീട് ഉള്ളതായി അറിയില്ലായിരുന്നു എന്ന മറുപടിയാണ് നല്കിയിട്ടുള്ളത്. ശ്രീ.അനിൽകുമാറിന് സ്വന്തമായി 2 വീടും വസ്തുക്കളും നിലവിൽ ഉള്ളതായി രേഖകളുടെ അടിസ്ഥാനത്തിൽ ബോധ്യപ്പെട്ടു. ഇത്തരത്തിൽ അർഹത ഇല്ലാതെ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ട ശ്രീ.അനിൽകുമാറിന് നൽകിയ ആനുകൂല്യമായ 25000/-രൂപ നിരാകരിക്കുന്നു. ആയതിനാൽ ശ്രീ.അനിൽകുമാറിന് നൽകിയ ആനുകൂല്യമായ 25000/-രൂപ തിരികെ ഈടാക്കേണ്ടതാണ്. അല്ലാത്തപക്ഷം നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ടി തുക തിരികെ ഈടാക്കി വിവരം രേഖാമൂലം അറിയിക്കേണ്ടതാണ്.

## 3-2 <u>മൽസ്യ തൊഴിലാളികളുടെ മക്കൾക്ക് ഫർണിച്ചർ-വിതരണം ചെയ്യാതെ അവശേഷിക്കുന്നു-16000/-രൂപയുടെ ചെലവ് തടസ്സം</u>

മൽസ്യ തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗമായിട്ടുള്ള മൽസ്യ തൊഴിലാളികളുടെ മക്കൾക്ക് ഫർണിച്ചർ വാങ്ങി നൽകുവാനായി (പ്രോജക്ട് നം.34/16-17) വിഭാവനം ചെയ്ത് വികസന ഫണ്ടിൽ നിന്നും 3,20,000/-രൂപ വകയിരുത്തുകയും ചെയ്തു. ടി പദ്ധതിക്കായി സിഡ്കോയിൽ നിന്നും 80 കുട്ടികൾക്കായി സ്റ്റീൽ ടേബിൾ വിത്ത് വൺ ഡ്രായർ ആന്റ് കബോഡ് ഓൺ റൈറ്റ് സൈഡ് വിത്ത് നോവാപ്പാൻ ടോപ്പ്, സ്റ്റീൽ കുഷൻഡ് ചെയർ എന്നിവ വാങ്ങി(ബിൽ നം. 1/16-17/29-03-17, തുക – 3,20,000/-രൂപ). എന്നാൽ ആയതിൽ 76 കുട്ടികൾ മാത്രമേ മേൽ സാധനങ്ങൾ കൈപ്പറ്റിയിട്ടുള്ളൂ.

ടി വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റന്വേഷണത്തിന് (നം. 2/16-17/ 05-06-2017) യാതൊരു മറുപടിയും ലഭ്യമാക്കിയിട്ടില്ല. പരിശോധനയ്ക്ക് ഹാജരാക്കിയ സ്റ്റോക്ക് രജിസ്റ്റർ പ്രകാരം 75 കുട്ടികൾക്കാണ് ഫർണിച്ചർ വിതരണം ചെയ്തിട്ടുള്ളത്. ഓഡിറ്റ് ടീം 13-06-17 ന് നടത്തിയ സ്ഥല പരിശോധനയിൽ 4 സെറ്റ് ഫർണിച്ചർ വിതരണം ചെയ്യാതെ ഫിഷറീസ് സബ് ഇൻസ്പെക്ടറുടെ ഓഫീസിൽ സൂക്ഷിച്ചിരിക്കുന്നതായി കണ്ടു.

വിതരണം ചെയ്യാതെ സൂക്ഷിച്ചിരിക്കുന്ന ഫർണിച്ചർ എത്രയും വേഗം അർഹരായ ഗുണഭോക്താക്കൾക്ക് നൽകി വിവരം അറിയിക്കേണ്ടതാണ്. വിതരണവിവരം ലഭ്യമാക്കുന്നതുവരെ അവശേഷിക്കുന്ന ഫർണിച്ചറിന്റെ വിലയായ 16000/-രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു.

## 3-3 <u>പേരയം മാർക്കറ്റിൽ സ്വാശ്രയ ജൈവകാർഷിക വിപണനകേന്ദ്രം- വിപണനത്തിനുള്ള സൗകര്യങ്ങൾ ഒരുക്കിയില്ല</u>

ഗ്രാമ പഞ്ചായത്തിലെ കർഷകരിൽ നിന്നും ജൈവ കാർഷികോൽപന്നങ്ങൾ സംഭരിച്ച് വിപണനം നടത്തുന്നതിനായി ഒരു വിപണന കേന്ദ്രം നിർമ്മിക്കുന്നതിനുവേണ്ടി അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണോ- ദ്യോഗസ്ഥനായി പ്രോജക്റ്റ് നം. 105/17-പ്രകാരം വികസന ഫണ്ടിൽ നിന്നും 1,67,300/- രൂപ വകയിരുത്തി. ഇതു പ്രകാരം പേരയം മാർക്കറ്റിലെ നിലവിലുള്ള കെട്ടിടത്തിലെ ഓപ്പൺ ഷെഡിൽ ഗ്രിൽ, ഷീറ്റ് എന്നിവ സ്ഥാപിച്ച് കാർഷികോൽപന്നങ്ങൾ സംഭരിക്കുന്നതിനുള്ള കേന്ദ്രം നിർമ്മിച്ചതിന് ബിൽ നം.23/16-17/31.3.2017 മുഖേന 1,21,327/- രൂപ ചെലവഴിച്ചു. എന്നാൽ

കാർഷികോൽപന്നങ്ങളുടെ വിപണത്തിനാവശ്യമായ സംവിധാനങ്ങൾ ഒരുക്കാത്തതിനാൽ പ്രസ്തുത കേന്ദ്രം പ്രവർത്തിക്കുന്നില്ല. കാർഷികോൽപന്നങ്ങളുടെ വിപണത്തിനാവശ്യമായ സൗകര്യങ്ങൾകൂടി ഒരുക്കി പ്രോജക്റ്റ് ലക്ഷ്യം കൈവരിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 3-4 ആസ്തി രജിസ്റ്റർ സർക്കാർ നിർദ്ദേശങ്ങൾക്കനുസരിച്ച് പാലിക്കുന്നില്ല –M-Asset മൊബൈൽ ആപ്ലിക്കേഷനിലേയ്ക്കുള്ള ആസ്തി വിവരങ്ങൾ ശേഖരിക്കുന്നതിന് നടപടികൾ ആരംഭിച്ചില്ല

ഗ്രാമപഞ്ചായത്തിലെ ആസ്തികളുടെ പരിപാലനത്തിനും സംരക്ഷണത്തിനും ആവശ്യമായ പദ്ധതികൾ ആസൂത്രണം ചെയ്യേണ്ടത് ആസ്തി രജിസ്റ്ററിലെ വിവരങ്ങളുടെ അടിസ്ഥാനത്തിലാണ്. ഡബിൾ എൻട്രി അക്കൗണ്ടിംഗ് സമ്പ്രദായത്തിന്റെ കൃത്യതയ്ക്ക് ആസ്തികളുടെ പൂർണ്ണമായ വിവരം ആവശ്യമാണ്. ആസ്തികളുടെ സംരക്ഷണത്തിന് ഫണ്ട് അനുവദിക്കുന്നതും ആസ്തി രജിസ്റ്ററിലെ വിവരങ്ങളെ ആധാരമാക്കി നിശ്ചയിക്കുന്ന മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ്. ഈ കാരണങ്ങളാൽ ആസ്തി രജിസ്റ്ററിലെ വിവരങ്ങൾ കുറ്റമറ്റതും പൂർണ്ണവുമാക്കി കാലകാലങ്ങളിലെ മാറ്റങ്ങളും കൂടി ഉൾപ്പെടുത്തി സൂക്ഷിക്കേണ്ടതായുണ്ട്. പൂർണ്ണമാക്കിയ രജിസ്റ്ററിന്റെ ഒരു പ്രിന്റ് സെക്രട്ടറിയും എൻജിനീയറും സാക്ഷ്യപ്പെടുത്തേണ്ടതാണ്.

ആസ്തി രജിസ്റ്ററിൽ മാറ്റങ്ങൾ/കൂട്ടിചേർക്കലുകൾ വരുത്തി കുറ്റമറ്റതാക്കി പരിഷ്കരിക്കേണ്ട ചുമതല തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ സെക്രട്ടറിയിൽ നിക്ഷിപ്തമാണ്. ഓരോ സാമ്പത്തിക വർഷത്തിന്റെയും ആരംഭത്തിൽ മുൻ വർഷം ആസ്തി രജിസ്റ്ററിൽ വന്നിട്ടുള്ള മാറ്റങ്ങളുടെ സംഗ്രഹ റിപ്പോർട്ട് ഭരണ സമിതിയ്ക്ക് സമർപ്പിക്കുകയും, അംഗീകാരത്തോടെ ഡിജിറ്റൽ രജിസ്റ്റർ പുതുക്കി തയ്യാറാക്കേണ്ടതുമാണ്.

മേൽ നിർദ്ദേശങ്ങൾ സർക്കാർ സർക്കുലറിൽ(തദ്ദേശ സ്വയം ഭരണ (ഡി.ബി.)വകുപ്പ്/13.01.2010 ലെ 58608/ഡി.ബി2/09) നിഷ്കർഷിച്ചിട്ടു ള്ളതാണ്.

ഗ്രാമ പഞ്ചായത്തിൽ ആസ്തി രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും കാലികമാക്കുകയോ, കൃത്യമായ രേഖപ്പെടുത്തലുകൾ വരുത്തി സെക്രട്ടറിയും എൽ.എസ്.ജി.ഡി എൻജിനീയറും സാക്ഷ്യപ്പെടുത്തുന്നില്ല. പുറമ്പോക്ക് രജിസ്റ്റർ പാലിക്കാത്തതിനാൽ ഗ്രാമ പഞ്ചായത്ത് ഭൂമി സംബന്ധിച്ച എല്ലാ വിവരങ്ങളും നിലവിലെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് ഉറപ്പാക്കുവാൻ സാധിക്കുന്നില്ല.

രാജ്യത്തെ എല്ലാ ഗ്രാമ പഞ്ചായത്തുകളിലും സ്ഥിതി ചെയ്യുന്ന സ്ഥാവര ആസ്തികളുടെ കണക്കെടുക്കുന്നതിനും ആയവ മൊബൈൽ ഫോൺ വഴി ജി.ഐ.എസ്. മാപ്പിംഗ് നടത്തുന്നതിനും കേന്ദ്ര പഞ്ചായത്തീ രാജ് മന്ത്രാലയം 'M-Asset'എന്ന മൊബൈൽ ആപ്ലിക്കേഷൻ വിന്യസിക്കുകയും ആയത് ഉടൻ ആരംഭിക്കണമെന്ന് നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ, ആസ്തികളുടെ മാപ്പിംഗ് 20.04.2016 –ന് മുമ്പായി പൂർത്തിയാക്കുന്നതിന് പഞ്ചായത്ത് ഡയറക്ടർ 21.03.2016 ന് ജെ1/37630/15 ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

2016 മാർച്ച് മാസം വരെ വാങ്ങിയതോ, നിർമ്മിച്ചതോ, വിട്ട് കിട്ടിയതോ ആയ ആസ്തികളുടെ വിവരങ്ങൾ സചിത്ര സോഫ്റ്റ്‌വെയറിൽ രേഖപ്പെടുത്തുകയും ടി വിവരങ്ങൾ സംസ്ഥാന തലത്തിൽ ലഭ്യമാക്കുന്നതിനും വരും വർഷങ്ങളിൽ വെബ് ആപ്ലിക്കേഷനിൽ

അപ്ഡേറ്റ് ചെയ്യുന്നതിനും, ഇതിന്റെ പൂർത്തികരണത്തിന് സെക്രട്ടറി, ഐ.കെ.എം. ടെക്നിക്കൽ അസിസ്റ്റന്റ്, എൽ.എസ്.ജി.ഡി എ.ഇ. എന്നിവർക്കുള്ള ചുമതലകൾ ഐ.കെ.എം. ഡയറക്ടറുടെ 09.06.2016-ലെ 223/LOBE/IKM/2016 കത്തിൽ വ്യക്തമാക്കിയിട്ടുണ്ട്.

മേൽ നിർദ്ദേശങ്ങൾ പാലിക്കുന്നതിന് ഗ്രാമ പഞ്ചായത്തിൽ പ്രാഥമികമായ നടപടികൾ ഒന്നും ആരംഭിച്ചിട്ടില്ല. മൊബൈൽ ഫോൺ മാപ്പിംഗ് നടത്തുന്നതിന് പ്രത്യേക സ്പെസിഫിക്കേഷൻ ഉള്ള ഫോൺ വാങ്ങുന്നതിന് 10,000/-രൂപയിൽ കവിയാത്ത ചെലവനുവാദം തദ്ദേശ സ്വയംഭരണ (ഡി.ബി) വകുപ്പിന്റെ സ.ഉ(സാധാ)നം. 2904/16 /19.10.2016 നമ്പരിൽ പുറപ്പെടുവിച്ച വെങ്കിലും നാളിതുവരെ പ്രാരംഭ നടപടികൾ ആരംഭിച്ചില്ല.

ആസ്തി രജിസ്റ്റർ, സർക്കാർ നിർദ്ദേശങ്ങൾക്കനുസൃതമായി പരിപാലിയ്ക്കുന്നതിനും M-Asset മൊബൈൽ ആപ്ലിക്കേഷനിലേയ്ക്ക് ശേഖരിക്കുന്ന വിവരങ്ങൾ, റവന്യൂ രേഖകളുമായി പരിശോധിച്ച് കൃത്യത ഉറപ്പ് വരുത്തി മാത്രമേ 'port' ചെയ്യുന്നുവെന്നും സ്ഥാപന മേധാവി ഉറപ്പ് വരുത്തേണ്ടതാണ്. ടി വിഷയത്തിൽ അടിയന്തിര നടപടികൾ കൈക്കൊള്ളേണ്ടതും കൃത്യമാക്കിയ ആസ്തി രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്.

## 3-5 പുറമ്പോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല

ഗ്രാമ പഞ്ചായത്തിന്റെ അതിർത്തിക്കുള്ളിൽ സ്ഥിതി ചെയ്യുന്ന പുറമ്പോക്ക് വസ്തുക്കളുടെ വിശദാംശങ്ങൾ ഉൾപ്പെടുന്ന പുറമ്പോക്ക് രജിസ്റ്റർ ഗ്രാമപഞ്ചായത്തിൽ സൂക്ഷിച്ച് വരുന്നില്ല. കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 169(5), 218 എന്നിവ പ്രകാരം ഗ്രാമ പഞ്ചായത്തിന് കൈമാറുകയോ, നിക്ഷിപ്തമാക്കുകയോ ചെയ്തിട്ടുള്ള പുറമ്പോക്ക വസ്തുക്കളുടെ അവകാശവും സംരക്ഷണവും ഗ്രാമപഞ്ചായത്തിന്റെ ചുമതലയാണ്. ഇവ പൊതു ജനങ്ങൾക്ക് പ്രയോജനപ്പെടുന്ന വിധത്തിൽ ഉപയോഗിക്കുന്നതിനും കൈയേറ്റക്കാരിൽ നിന്നും സംരക്ഷിക്കുന്നതിനും ഗ്രാമപഞ്ചായത്ത് നടപടികൾ സ്വീകരിക്കേണ്ടതായുണ്ട്.

ഗ്രാമപഞ്ചായത്തിന്റെ ജനറൽ മിനിട്ട്സ് പുസ്തകം പരിശോധിച്ചതിൽ ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ നിരവധി പുറമ്പോക്ക് ഭൂമി ഉള്ളതായി ബോധ്യപ്പെട്ടു. ഇതുമായി ബന്ധപ്പെട്ട ഗ്രാമപഞ്ചായത്ത് തീരുമാനങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഗ്രാമപഞ്ചായത്ത് തീരുമാന നം./തീയതി | ഭൂമിയുടെ വിവരം | വിഷയം |
|---|---|---|---|
| 1. | 3(6)/8.7.16 | രേഖപ്പെടുത്തിയിട്ടില്ല | 7-ാം വാർഡിൽ പൊയ്ക്കയിൽ കിഴക്കതിൽ (ആദിത്യ ഭവൻ) മിനിമോൾ എന്നയാളുടെ പുറമ്പോക്കിലുള്ള വീടിന് U.A നം. അനുവദിക്കുന്നതിനുള്ള അപേക്ഷ |

| | | | |
|---|---|---|---|
| | | | |
| 2. | 3(5)/5.08.16 | 11-ാം വാർഡിലെ ബ്ലോക്ക് നം.10-ൽ 378/7 നം. സർവ്വേയിൽ ഉൾപ്പെട്ട 33.6 ആർ സ്ഥലം | ആരുടെയും ഉടമസ്ഥവകാശത്തിൽ ഉൾപ്പെടുന്നില്ല.സെക്ഷൻ 169(1)പ്രകാരം പഞ്ചായത്തിൽ നിഷിപ്തമായ ടി ഭൂമി വില്ലേജ് രേഖകൾ പരിശോധിച്ച് അടിസ്ഥാന നികുതി രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾക്ക് വിധേയമായി അളന്ന് തിട്ടപ്പെടുത്തുന്നതിന് വില്ലേജ് ഓഫീസറോട് അഭ്യർഥിച്ചു. |
| 3. | 3(2)/31.10.16 | 11 -ാം വാർഡിലെ ബ്ലോക്ക് നം.10-ൽ 378/5നം.സർവ്വേയിൽ ഉൾപ്പെട്ട ഏകദേശം 30 സെന്റ് സ്ഥലം | ആർക്കും പട്ടയ ഭൂമിയായി നൽകിയിട്ടില്ല. 169(1)പ്രകാരം പഞ്ചായത്തിൽ നിഷിപ്തമായ ടി ഭൂമി വില്ലേജ് രേഖകൾ പരിശോധിച്ച് അടിസ്ഥാന നികുതി രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾക്ക് വിധേയമായി അളന്ന് തിട്ടപ്പെടുത്തുന്നതിന് വില്ലേജ് ഓഫീസറോട് അഭ്യർഥിച്ചു. |
| 4. | 3(1)/31.08.16 | മാപ്പിള പൊയ്കയിലെ സർക്കാർ മിച്ച ഭൂമി, രാജീവ് ഗാന്ധി ദശ ലക്ഷ ഭവന പദ്ധതി പ്രകാരം വീടുകൾ നിർമ്മിച്ചത് വാസയോഗ്യമല്ലാത്ത അവസ്ഥയിൽ സ്വകാര്യ വ്യക്തികൾ കൈയേറി. | ഭൂമി ഗ്രാമ പഞ്ചായത്തിന് വിട്ടു കിട്ടുന്നതിന് ജില്ലാ കളക്ടർ, സർക്കാർ, ധനകാര്യ വകുപ്പിനോട് അഭ്യർഥിക്കാൻ തീരുമാനിച്ചു. |

മേൽ തീരുമാനങ്ങൾ കൈക്കൊണ്ടിട്ടുണ്ടെങ്കിലും തുടർ നടപടികൾ ഒന്നും തന്നെ സ്വീകരിച്ചിട്ടില്ല. കൃത്യമായ രേഖകളുടെ അടിസ്ഥാനത്തിലല്ലാതെ ഗ്രാമപഞ്ചായത്ത് നടത്തുന്ന സ്ഥലങ്ങളുടെ കൈമാറ്റം, നിർമ്മാണ പ്രവർത്തനങ്ങൾ എന്നിവ നിയമ പ്രശ്നങ്ങൾക്കും കോടതി വ്യവഹാരങ്ങൾക്കും ഇടവരുത്തുവാൻ സാധ്യതയുള്ളതിനാൽ പുറമ്പോക്ക് സംബന്ധിച്ച വിവരങ്ങൾ വില്ലേജ് അധികാരികളിൽ നിന്നും ലഭ്യമാക്കി സൂക്ഷിക്കേണ്ടത് അനിവാര്യമാണ്. ഇതിനുള്ള നടപടികൾ അടിയന്തിരമായി പൂർത്തിയാക്കേണ്ടതാണ്.

**3-6** ഒ.ഡി.എഫ്. കക്കൂസ് നിർമ്മാണം.-കക്കൂസ് നിർമ്മിക്കാതെ തുക നൽകി

വികസന ഫണ്ട് :1284200/- രൂപ

ബിൽ നം:1/16-17/29.08.16:322800/-രൂപ

2/16-17/27.09.16:483400/-രൂപ

3/16-17/01.10.16:334400/-രൂപ

6/16-17/31.10.16:134200/-രൂപ

8/16-17/17.01.17:9400/-രൂപ

വി.ഇ.ഓ. നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ഒ.ഡി.എഫ്. കക്കൂസ് നിർമ്മാണം എന്ന പ്രോജക്ടിൽ(1/17) ആകെ 84 ഗുണഭോക്താ- ക്കൾക്കാണ് 2016-17 വർഷം ആനുകൂല്യം നൽകിയത്. കക്കൂസ് നിർമ്മിച്ചത് സംബന്ധിച്ച് നേരിട്ട് വിലയിരുത്താനായി വി.ഇ.ഒ. ശ്രീ.സുമേഷ്.റ്റിയുമായി 07.06.17ൽ നടത്തിയ സ്ഥല പരിശോധനയിൽ വാർഡ് നാം.16 ലെ ശ്രീമതി.ഷീല.ആർ. സ്റ്റീനി ഭവൻ എന്ന ഗുണഭോക്താവ് കക്കൂസ് നിർമിച്ചിട്ടില്ല (മുഴുവൻ തുകയായ 15400/- രൂപയും നൽകി). ടിയാൾ കക്കൂസിന്റെ കുഴി എടുക്കുന്ന പ്രവൃത്തി മാത്രമാണ് ചെയ്തിട്ടുള്ളത്. ആയത് മണ്ണ് കൊണ്ട് മൂടപ്പെട്ട അവസ്ഥയിലാണ് കാണപ്പെട്ടത്. കൂടാതെ കാഞ്ഞിരംവിള പുത്തൻവീട്ടിൽ ശ്രീമതി.മോളി.റ്റിയ്ക്ക് (വാർഡ് നം.10) കക്കൂസിന്റെ കുഴി എടുത്തതിന് അഡ്വാൻസ് ആയി 6000/- രൂപ നല്കിയിട്ടുണ്ട്. പണി പൂർത്തീകരിക്കാത്തതിനാൽ ബാക്കി തുക നൽകിയിട്ടില്ല. ഗുണഭോക്താക്കൾ കക്കൂസ് നിർമ്മിക്കാത്തതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 6/12.06.17) നിർവ്വഹണ ഉദ്യാഗസ്ഥൻ നൽകിയ മറുപടിയിൽ ശ്രീമതി.മോളിയ്ക്ക് കക്കൂസിന്റെ കുഴി എടുത്ത മുറയ്ക്കാണ് അഡ്വാൻസ് ആയി 6000/-രൂപ നൽകിയതെന്നും, പണി പൂർത്തീകരിക്കാത്ത സാഹചര്യത്തിൽ ടിയാൾക്കു അധികം നൽകിയ തുക തിരിച്ചു പിടിക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും, ശ്രീമതി.ഷീലയ്ക്ക് കുഴി എടുത്തതിന്റെ അടിസ്ഥാനത്തിൽ ആണ് 6000/-രൂപ അഡ്വാൻസ് നൽകിയതെന്നും എന്നാൽ ടിയാൾ പണി പൂർത്തീകരിച്ചെന്ന തെറ്റിദ്ധാരണ മൂലമാണ് ബാക്കി തുകയായ 9400/-രൂപ നൽകിയതെന്നും, പണി പൂർത്തീകരിപ്പിച്ച വിവരം അറിയിക്കാം എന്നുള്ള മറുപടിയാണ് ലഭ്യമാക്കിയിരിക്കുന്നത്. പണി പൂർത്തീകരിക്കാത്ത ശ്രീമതി ഷീല, ശ്രീമതി.മോളി.റ്റി എന്നിവർക്ക് നല്കിയിട്ടുള്ള തുകയായ

21400/-(6000+15400) തടസ്സത്തിൽ വെയ്ക്കുന്നു.

ശ്രീമതി ഷീലയ്ക്ക് കക്കൂസിന്റെ പണി പൂർത്തീകരിക്കാൻ നിശ്ചിത സമയം അനുവദിക്കേണ്ടതും പ്രസ്തുത സമയത്തിലും പൂർത്തീകരിക്കാൻ കഴിഞ്ഞില്ലായെങ്കിൽ ടിയാൾക്ക് നൽകിയ തുക തിരിച്ചു പിടിക്കാനുള്ള നിയമ പരമായ നടപടികൾ സ്വീകരിക്കേണ്ടതും, ശ്രീമതി.മോളിയിൽ നിന്നും 6000/- രൂപ തിരിച്ചു പിടിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ് അല്ലാത്തപക്ഷം നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും 21400/- രൂപ തിരികെ ഈടാക്കി വിവരം രേഖാമൂലം അറിയിക്കേണ്ടതാണ്.

**3-7** <u>ക്ഷീര സംഘങ്ങൾ മുഖേനെ വിതരണം ചെയ്യുന്ന പാലിന് **- 1418 /-** രൂപ അധികം സബ്സിഡി നൽകി- ഓഡിറ്റ് നിർദ്ദേശത്തെത്തുടർന്ന് തിരിച്ച് ഒടുക്കി.</u>

<u>പഞ്ചായത്ത് വിഹിതം:</u>

വികസന ഫണ്ട് :400000/- രൂപ

ബിൽനം:1/16-17/06.03.17

<u>ബ്ലോക്ക് വിഹിതം</u>

ട്രഷറി ചെക്ക് നം :AC 2601083/28.03.17:200000/- രൂപ

നിർവ്വഹണ ഉദ്യോഗസ്ഥൻ : ഡയറി ഫാം ഇൻസ്ട്രക്ടർ
ശ്രീമതി.കുമാരി ശ്രീദേവി.സി.എസ്.

ഡയറി ഫാം ഇൻസ്ട്രക്ടർ നിർവ്വഹണ ഉദ്യോഗസ്ഥയായ ക്ഷീര സംഘങ്ങൾ മുഖേന വിതരണം ചെയ്യുന്ന പാലിന് സബ്സിഡി എന്ന സംയുക്ത പ്രോജക്റ്റിൽ ക്ഷീര സംഘകളിൽ 4/16 മുതൽ 11/16 വരെ പാൽ അളന്ന ക്ഷീര കർഷകർക്ക് ലിറ്ററിന് 3/-രൂപ പ്രകാരം സബ്സിഡി ആയി കർഷകരുടെ ബാങ്ക് അക്കൗണ്ടിലേക്ക് നേരിട്ട് നൽകുകയാണ് ചെയ്തിട്ടുളളത്.

കിഴക്കേ കല്ലട ക്ഷീര സംഘത്തിലെ അലക്സാണ്ടർ ഡിക്രൂസ് എന്ന ക്ഷീര കർഷകന്റെ പാൽ അളവ് സ്റ്റേറ്റ്മെന്റ് പ്രകാരം 4/16 മുതൽ 11/ 16 വരെ ആകെ 1080.5 ലിറ്റർ പാലാണ് സംഘത്തിൽ അളന്നത്. എന്നാൽ 1553 ലിറ്റർ പാൽ അളന്നതായി കണക്കാക്കി 4659/-രൂപ കർഷകന്റെ അക്കൗണ്ടിലേക്ക് (കാനറാ ബാങ്ക് a/c നം. 1024101116993) സബ്സിഡി അനുവദിച്ചു നൽകിയിട്ടുണ്ട്. നവംബർ മാസത്തിൽ 52.5 ലിറ്റർ പാലാണ് അളന്നത്. എന്നാൽ തെറ്റായി 525 ലിറ്റർ എന്നാണ് രേഖപ്പെടുത്തിയത്. അതിനാൽ 472.5 ലിറ്റർ പാലിന് 1418/- രൂപ (472.5x3) അധികം നൽകി. തെറ്റായി പാൽ അളവ് കണക്കായിയത് കാരണം 1418/- രൂപ വികസന ഫണ്ടിൽ നിന്നും അധികം സബ്സിഡി അനുവദിച്ച് നൽകി. മേൽ അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന്(നം. 3/05.06.17) നിർവ്വഹണ ഉദ്യോഗസ്ഥ പാലിന് നൽകിയ അധികം തുകയായ 1418/-രൂപ തിരികെ സർക്കാർ ഫണ്ടിലേക്ക് ഒടുക്കി ചലാൻ പരിശോധനക്ക് ഹാജരാക്കിയിട്ടുള്ളതാണ്.

സബ്സിഡി അനുവദിക്കുമ്പോൾ പാലിന്റെ അളവിൽ കൃത്യത പാലിക്കേണ്ടതും ആയതിൻ പ്രകാരം തുക നൽകുന്നതിന് ശ്രദ്ധിക്കേണ്ടതുമാണ്.

**3-8** പത്താം തരം തുല്യത പഠനം **-**ധന വിനിയോഗ്യ സർട്ടിഫിക്കറ്റ് ഹാജരാക്കിയില്ല തുക തടസ്സപ്പെടുത്തുന്നു**.**
പ്രോജക്ട് നം:S0126/17

നിർവ്വഹണ ഉദ്യോഗസ്ഥൻ :ഹെഡ്മാസ്റ്റർ ഗവണ്മെന്റ് എൽ.
പി.സ്കൂൾ പടപ്പാക്കര.

പത്താം തരം തുല്യതാ പഠിതാക്കളുടെ അദ്ധ്യാപകർക്ക് ഹോണറേറിയം, പഠനോപകരണങ്ങൾ എന്നിവയ്ക്കായ് 24000/- രൂപ വകയിരുത്തിയ പ്രോജക്ടിൽ 20800/- രൂപയാണ് ബിൽ നം.6/16-17/30.03.17 പ്രകാരം വികസന ഫണ്ടിൽ നിന്നും സാക്ഷരതാ മിഷനിൽ ഒടുക്കിയിട്ടുള്ളത്.

ആകെ 13 പഠിതാക്കൾക്ക് വേണ്ടിയാണ് തുക ചെലവഴിച്ചത്. അദ്ധ്യാപകർക്ക് നൽകിയ ഹോണറേറിയത്തിന്റെ വിവരങ്ങൾ സാക്ഷരതാ മിഷനിൽ നിന്നുള്ള യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് എന്നിവ പരിശോധനക്കായി ഹാജരാക്കിയിട്ടില്ല. രേഖകൾ ഹാജരാക്കാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(1/01.06.17) നൽകിയ മറുപടിയിൽ ധനവിനിയോഗ സർട്ടിഫിക്കറ്റ് സാക്ഷരതാ മിഷനിൽ നിന്നും ലഭിച്ചിട്ടില്ല എന്നും ലഭ്യമാകുന്ന മുറയ്ക്ക് ധനവിനിയോഗ സർട്ടിഫിക്കറ്റ് ഹാജരാക്കുന്നതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ധനവിനിയോഗ സർട്ടിഫിക്കറ്റ് സാക്ഷരതാ മിഷനിൽ നിന്നും ലഭ്യമാകുന്നത് വരെ ചെലവഴിച്ച 20800/-രൂപ തടസത്തിൽ വയ്ക്കുന്നു. രേഖകൾ ഹാജരാക്കി തടസം ഒഴിവാക്കേണ്ടതാണ്.

**3-9** ഗവൺമെന്റ് ഉത്തരവിന് വിരുദ്ധമായി മുൻകൂർ തുക നൽകി**-**പദ്ധതി നിർവഹണത്തിലെ മറ്റ് അപാകതകൾ **6,13,860/-**ചെലവ് തടസ്സം

കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ, പൊതുടാപ്പുകൾ സ്ഥാപിക്കൽ എന്നീ പദ്ധതികൾക്ക് വേണ്ടി സർക്കാർ ഉത്തരവ് പാലിക്കാതെ വാട്ടർ അതോറിറ്റിക്ക് മുഴുവൻ തുകയും മുൻകൂർ നൽകിയിരിക്കുന്നു.

കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ

പ്രോജക്ട് നം - 128/17

നിർവഹണം - സെക്രട്ടറി

അടങ്കൽ - 806500/-രൂപ
(വികസനഫണ്ട് -25288/-രൂപ

വികസനഫണ്ട് ധനകാര്യകമ്മീഷൻ അവാർഡ് - 448572/-രൂപ

തനത്ഫണ്ട് - 332640/-രൂപ )

ചെലവ് -473860/-രൂപ
(ബിൽ നം.844/16-17/31-03- 17 – 25288/-രൂപ )

(ബിൽ നം.845/16-17/31-03-17- 448572/-രൂപ )

പൊതുടാപ്പുകൾ സ്ഥാപിക്കൽ

പ്രോജക്ട് നം - 96/17

നിർവഹണം - സെക്രട്ടറി

അടങ്കൽ - 1,40,000/-രൂപ (വികസനഫണ്ട് ധനകാര്യകമ്മീഷൻ അവാർഡ് )

ചെലവ് -1,40,000/-രൂപ
(ബിൽ നം. 846/16-17/31-03-17)

മേൽ രണ്ടു പദ്ധതികൾക്കുമായി കൊട്ടാരക്കര പി.എച്ച്.ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ യഥാക്രമം 473860/-രൂപ, 1,40,000/-രൂപ എന്നിങ്ങനെ മുൻകൂർ തുക വാട്ടർ അതോറിറ്റിക്ക് നൽകിയിട്ടുണ്ട്.

ജി.(പി) നം.311/14/ ഫിൻ തീയതി 30-07-2014 പ്രകാരം ആദ്യഗഡുവായി എസ്റ്റിമേറ്റ് തുകയുടെ 20%വും 2 മുതൽ 6 വരെ തുല്യ ഗഡുക്കളായി എസ്റ്റിമേറ്റിന്റെ 15% വീതവും പദ്ധതി പൂർത്തീകരിച്ച് നിരീക്ഷണകാലയളവ് കഴിയുമ്പോൾ അവശേഷിക്കുന്ന 5% തുകയുമാണ് നൽകേണ്ടത്. മേൽ ഉത്തരവിൽ നിർവ്വഹണ ഏജൻസിയുമായി കരാറിൽ ഏർപ്പെടണമെന്നും നിഷ്കർഷിച്ചിട്ടുണ്ട്. ടി വിഷയങ്ങളുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റന്വേഷണത്തിന് (നം. 4/16-17/08-06-2017) മുഴുവൻ തുകയും അടവാക്കിയാൽ മാത്രമേ ടെണ്ടർ നടപടികൾ ആരംഭിക്കുവാൻ കഴിയുകയുള്ളൂ എന്ന് വാട്ടർ അതോറിറ്റിയിൽ നിന്നും അറിയിച്ചതിനാലും കുടിവെള്ളക്ഷാമം രൂക്ഷമായ സാഹചര്യമായതിനാലുമാണ് ഇപ്രകാരം പ്രവർത്തി നടപ്പിലാക്കേണ്ടി വന്നത് എന്നറിയിച്ചിരിക്കുന്നു.

പ്രോജക്ട് നം. 128/17 കുടിവെള്ള പൈപ്പ് ലൈൻ നീട്ടലിനായി തനത് ഫണ്ടിൽ നിന്നും വകയിരുത്തിയിരുന്ന 3,32,640/-രൂപാ വാട്ടർ അതോറിറ്റിയിൽ നിക്ഷേപിച്ചത് സംബന്ധിച്ച വിശദാംശങ്ങൾ മേൽ ഓഡിറ്റന്വേഷണം വഴി ആവശ്യപ്പെട്ടിട്ടും പ്രസ്തുത വിഷയം മറുപടിയിൽ പരാമർശിച്ചിട്ടില്ല. വാട്ടർ അതോറിറ്റിയുമായി ഏർപ്പെട്ട കരാറും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

മേൽ പദ്ധതികൾക്കായി ചെലവഴിച്ച തുകയുടെ വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. മേൽ പരാമർശിത കാരണങ്ങളാൽ ടി രണ്ടു പദ്ധതികൾക്കുമായി ചെലവഴിച്ച 6,13,860/-രൂപ തടസ്സത്തിൽ വയ്ക്കുന്നു. ചെലവ് രേഖകളും വിനിയോഗ സാക്ഷ്യപത്രവും ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-10 പേരയം മൃഗാശുപത്രി കെട്ടിട നിർമ്മാണത്തിൽ അപാകതകൾ.

പ്രോജക്റ്റ് നം. : 127/17(സ്പിൽ ഓവർ)

എസ്റ്റിമേറ്റ് :
(1) 1,30,000/-രൂപ (ധനകാര്യ കമ്മീഷൻ)
(2) 10,50,000/-രൂപ(ലോകബാങ്ക്)

(3)12,70,000/-രൂപ(വികസന ഫണ്ട്)

ചെലവ്:
(1) 1,30,000/-രൂപ(ബിൽ നം.25/15-16/17.2.16)

(2)10,50,000/-രൂപ(ബിൽ നം.24/15-16/17.2.16)

(3)12,57,340/-രൂപ(ബിൽ നം.8/16-17/4.3.17)

കരാറുകാരൻ: ശ്രീ ജെ.ജോൺസൺ

എം.ബുക്ക് നം. : 2/15-16, 8/15-16

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ പ്രോജക്റ്റ് നം.127/16 പ്രകാരം പേരയം മൃഗാശുപത്രി കെട്ടിടത്തിന്റെ നിർമ്മാണം മേൽ സൂചിപ്പിച്ച പ്രകാരം 24,37,340/- രൂപ ചെലവഴിച്ച് പൂർത്തിയാക്കുകയുണ്ടായി. ഇതു സംബന്ധിച്ച് നടത്തിയ സ്ഥല പരിശോധനയിൽ കെട്ടിടത്തിന്റെ ഭിത്തി ബീമുമായി ബന്ധിപ്പിക്കുന്ന ഭാഗങ്ങളിലും അതിന്റെ സമീപ ഭാഗങ്ങളിലും വിള്ളലുകൾ പ്രത്യക്ഷപ്പെട്ടിട്ടുള്ളതായി ബോധ്യപ്പെട്ടിട്ടുണ്ട് (ചിത്രം കാണുക). കെട്ടിടത്തിന്റെ ഭിത്തിയെ ബീമുമായി ബന്ധിപ്പിക്കുന്ന എല്ലാ ഭാഗങ്ങളിലും കണ്ട വിള്ളലുകൾ ബീമിന്റെ ആർ.സി.സി.യുടെയോ ഭിത്തിയുടെ പ്ലാസ്റ്ററിംഗിന്റെയോ നിർമ്മാണത്തിലെ തകരാറാണോയെന്നത് വ്യക്തമല്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(നം. 12/13.6.2017), പ്രസ്തുത വിള്ളലുകൾ സംബന്ധിച്ച് വിദഗ്ധ അഭിപ്രായം ആരായേണ്ടതുണ്ടെന്നും അതു ലഭ്യമാക്കി റിപ്പോർട്ട് ചെയ്യുന്നതാണെന്നും അസിസ്റ്റന്റ് എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്. കെട്ടിടത്തിന്റെ നിർമ്മാണത്തിലെ തകരാറിന്റെ കാരണം കണ്ടെത്തേണ്ടതും നിർമ്മാണച്ചുമതല വഹിച്ച അസിസ്റ്റന്റ് എഞ്ചിനീയറുടെ ഭാഗത്ത് വീഴ്ച ഉണ്ടായിട്ടുണ്ടെങ്കിൽ പ്രസ്തുത ഉദ്യോഗസ്ഥന്റെ നഷ്ടോത്തരവാദിത്തത്തിൽ പരിഹാര നടപടികൾ സ്വീകരിക്കേണ്ടതുമാണ്.



**3-11** <u>സമ്പൂർണ്ണ വൈദ്യുതീകരണം-നിർദേശങ്ങളിൽ നിന്നും വ്യതിചലിച്ച് ചെലവ്-വിശദാംശങ്ങൾ ഹാജരാക്കിയില്ല-**50,000/-**രൂപാ ചെലവ് തടസ്സം</u>

കേരള സർക്കാർ ഉത്തരവിൻ പ്രകാരം സമ്പൂർണ്ണ വൈദ്യുതീകരണം നടത്തുന്നതിന്റെ ഭാഗമായി വൈദ്യുതി ബോർഡിൽ അടവാക്കുന്നതിന് വേണ്ടി ധനകാര്യകമ്മീഷൻ അവാർഡ് തുകയിൽ നിന്നും 50,000/-രൂപ വകയിരുത്തി സെക്രട്ടറി

നിർവ്വഹണോദ്യോഗസ്ഥയായി നടപ്പിലാക്കിയ പദ്ധതിയാണ് സമ്പൂർണ്ണ വൈദ്യുതീകരണം(പ്രോജക്ട് നം.120/17).

07-05-2010ലെ സ.ഉ(എം.എസ്)91/2010/തസ്വഭവ നമ്പർ ഉത്തരവിൽ പഞ്ചായത്തുകൾ വൈദ്യുതീകരിച്ചിട്ടില്ലാത്ത പ്രദേശങ്ങളുടെ വിവരങ്ങൾ ഊർജ മേഖലാ വർക്കിംഗ് ഗ്രൂപ്പിന്റെ നേതൃത്വത്തിൽ തയ്യാറാക്കേണ്ടതാണെന്നും ടി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വൈദ്യുതി ബോർഡ് സാധ്യതാ പഠനം നടത്തി എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടതുമാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഈ പദ്ധതി പ്രകാരം നടപ്പിലാക്കേണ്ട പ്രോജക്ടുകൾ വാർഷിക പദ്ധതിയുടെ ഭാഗമാക്കുന്നതിനും നിശ്ചിത ഫോർമാറ്റിൽ കരാറിൽ ഏർപ്പെട്ട് ഡെപ്പോസിറ്റ് പ്രവർത്തിയായി നടപ്പിലാക്കുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതാണെന്ന് നിർദേശിച്ചിട്ടുണ്ട്.

ടി പദ്ധതി നിർവ്വഹണത്തിന്റെ ഭാഗമായി ബിൽ നം.747/16-17/ 31-03-2017 പ്രകാരം 50,000/-രൂപ പിൻവലിച്ച് കുണ്ടറ ഇലക്ട്രിക്കൽ ഡിവിഷൻ എക്സി.എഞ്ചിനീയർക്ക് കൈമാറുകയാണ് നിർവ്വഹണോദ്യോഗസ്ഥ ചെയ്തിരിക്കുന്നത്.

പഞ്ചായത്തിന്റെ പരിധിയിൽ വരുന്ന എഴുകോൺ, കുണ്ടറ, കിഴക്കേ കല്ലട എന്നീ ഇലക്ട്രിക്കൽ സബ് ഡിവിഷനുകളിലേയ്ക്ക് മേൽ ഉത്തരവിൻ പ്രകാരം നൽകിയ അർഹരായ ഗുണഭോക്താക്കളുടെ ലിസ്റ്റ് പരിശോധനയ്ക്കാവശ്യപ്പെട്ടിട്ടും (ഓഡിറ്റന്വേഷണം നം.8/16-17 /12-06-17)ലഭ്യമാക്കിയിട്ടില്ല.

പരിശോധനയ്ക്ക് ഹാജരാക്കിയ വിനിയോഗ സാക്ഷ്യപത്രത്തിൽ 2 വീടുകൾക്കും 5 അംഗനവാടികൾക്കുമായി തുക ചെലവഴിച്ചിരിക്കുന്നതായി രേഖ- പ്പെടുത്തിയിരിക്കുന്നു. വ്യത്യസ്ത നിരക്കിലുള്ള തുകകളാണ് ഓരോരുത്തർക്കും ചെലവായതായി കാണിച്ചിരിക്കുന്നത്. എന്നാൽ ചെലവിനങ്ങൾ വ്യക്തമാക്കി- യിട്ടില്ല.

ആവശ്യമായ രേഖകൾ ഹാജരാക്കും വരെ ഈയിനത്തിൽ ചെലവഴിച്ച 50000/- രൂപ തടസ്സത്തിൽ വയ്ക്കുന്നു.

## 3-12 <u>കെ.എസ്.ഇ.ബി, വാട്ടർ അതോറിറ്റി സംയുക്ത പരിശോധന നടത്തുന്നില്ല</u>

പൊതുടാപ്പുകളുടെ കുടിവെള്ളക്കരമിനത്തിൽ മാസം തോറും 62563/-രൂപ വാട്ടർ അതോറിറ്റിയിൽ അടച്ചു വരുന്നു. 143 ടാപ്പുകൾക്ക് 5290/- രൂപ നിരക്കിലാണ് തുക ഒടുക്കുന്നത്. അടിയന്തിരമായി വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി പൊതു ടാപ്പുകളുടെ എണ്ണം നിജപ്പെടുത്തേണ്ടതാണ്.

തെരുവ് വിളക്കുകളുടെ കറന്റ് ചാർജ് ഒടുക്കുന്നതിൽ ഇപ്പോഴും ഓർഡിനറി ബൾബിന്റെ ചാർജും ഉൾപ്പെടുന്നു. 40W ബൾബ് 480 എണ്ണത്തിനും 60W ബൾബ് 65 എണ്ണത്തിനുമാണ് തുക ഒടുക്കി വരുന്നത്. കെ.എസ്.ഇ.ബിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി വൈദ്യുതോപകരണങ്ങളുടെ എണ്ണം തിട്ടപ്പെടുത്തി കറണ്ട് ചാർജ് ക്രമീകരിക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-13 മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) നടത്തിയ പ്രൊജക്ടുകൾ

വിവിധ പ്രൊജക്ടുകളിലായി കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിൽ നിന്നും മരുന്ന് വാങ്ങുന്നതിനായി തുക നൽകിയെങ്കിലും മരുന്നുകൾ എല്ലാം ലഭ്യമാക്കിയില്ല . വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1.പ്രോജക്ട് നം. : 51/17-പി.എച്ച്.സി.യ്ക്ക് മരുന്ന് വാങ്ങൽ

അടങ്കൽ : 1,25,000/-രൂപ

മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം) – 1,00,000/- രൂപ

വികസന ഫണ്ട്- 25,000/-രൂപ

ചെലവ് : 1,25,000/-രൂപ

ബിൽ നം. 3/17/17.1.2017

ബിൽ നം.7/17/10.3.17

ഡിഡി നമ്പർ– 844347/18.01.17-85,000/-രൂപ (കെ.എം.സി.എൽ.പ്രൊഫോർമ 1117/29.12.16)

പി.എൻ.ബി അക്കൗണ്ട് ട്രാൻസ്ഫർ -25,000/-രൂപ (കെ.എം.സി.എൽ.പ്രൊഫോർമ 3126/03.03.17 ) .

ടി പ്രൊജക്ടിൽ 1,10,000/- രൂപയുടെ മരുന്നുകൾ ലഭ്യമായിട്ടില്ല.

2.പ്രോജക്ട് നം. : 57/17-പാലിയേറ്റിവ് കെയർ യൂണിറ്റ്

അടങ്കൽ : 5,00,000/- രൂപ

വികസന ഫണ്ട് – 4,25,000/- രൂപ

ബ്ലോക്ക് വിഹിതം- 75,000/-രൂപ

ചെലവ് : 59,900/- രൂപ

ബിൽ നം. 4/17/17.1.2017 – 1,25,000/-രൂപ

ബിൽ നം.6/17/10.3.17 -75,000/-രൂപ

(ചെക്ക് നം.2601084/30.3.17)

ഡിഡി നമ്പർ– 844349/18.01.17- 58,400/-രൂപ (കെ.എം.സി.എൽ.പ്രൊഫോർമ 1356/10.01.17)

പി.എൻ.ബി അക്കൗണ്ട് ട്രാൻസ്ഫർ -1,25,000/- രൂപ (കെ.എം.സി.എൽ.പ്രൊഫോർമ 3132/03.03.17 )

പി.എൻ.ബി അക്കൗണ്ട് ട്രാൻസ്ഫർ -75,000/- രൂപ (കെ.എം.സി.എൽ.പ്രൊഫോർമ 1291/04.01.17 )

ടി പ്രൊജക്ടിൽ 2,18,079/- രൂപയുടെ മരുന്നുകൾ ലഭ്യമായിട്ടില്ല.

രണ്ട് പ്രൊജക്ടുകളിലായി ആകെ 3,28,079/-രൂപയുടെ മരുന്നുകൾ ലഭ്യമാക്കുന്നതിന് കെ.എം.സി.എൽ. അധികാരികളുമായി ബന്ധപ്പെട്ട് സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-14 മെഡിക്കൽ ഓഫീസർ (ഹോമിയോ) നിർവ്വഹിച്ച പ്രൊജക്ട്

കേരള സ്റ്റേറ്റ് ഹോമിയോപ്പതിക്ക് കോ-ഓപ്പറേറ്റീവ് ഫാർമസി, ആലപ്പുഴയ്ക്ക് മരുന്ന്

വാങ്ങുന്നതിനായി 1,00,000/- രൂപ നൽകിയെങ്കിലും മരുന്നുകൾ ഇതുവരെ ലഭിച്ചില്ല്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

പ്രോജക്ട് നം. : 112/17 (ഹോമിയോ ആശുപത്രിയ്ക്ക് മരുന്ന് വാങ്ങൽ)

അടങ്കൽ : 1,00,000/- മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം )

ചെലവ് : 1,00,000/- (ബിൽ നം. 1/17 തീ. 22.3.2017

അക്കൗണ്ട് ട്രാൻസ്ഫർ -1,00,000/- രൂപ(കേരള സ്റ്റേറ്റ് ഹോമിയോപ്പതിക്ക് കോ-ഓപ്പറേറ്റീവ് ഫാർമസി പ്രൊഫോർമ നം.1387 /22.03.17, രസീത് നം.2847/1.04.17 ).

മരുന്നുകൾ ലഭ്യമാക്കുന്നതിന് കേരള സ്റ്റേറ്റ് ഹോമിയോപ്പതിക്ക് കോ-ഓപ്പറേറ്റീവ് ഫാർമസി, ആലപ്പുഴയുടെ അധികാരികളുമായി ബന്ധപ്പെട്ട് സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-15 കുമ്പളം പബ്ളിക് ലൈബ്രറിക്ക് കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ-ചുമതലയിലുൾപ്പെടാത്ത ചെലവ്

കുമ്പളം പബ്ലിക് ലൈബ്രറിക്ക് പ്രിന്റർ, സ്കാനർ വാങ്ങി നൽകുവാനായി നടപ്പിലാക്കിയ പദ്ധതിയിലുൾപ്പെടുത്തി (പ്രോജക്ട് നം.123/17) 14900/- രൂപ ചെലവഴിച്ച് (ബിൽ നം.831/16-17/31-03-17) ടി സാധനങ്ങൾ വാങ്ങി നൽകിയിട്ടുണ്ട്. വികസന ഫണ്ടിൽ നിന്നും 20000/- രൂപയാണ് ടി പദ്ധതിക്കായി അടങ്കൽ വകയിരുത്തിയിരുന്നത്.

ടി ലൈബ്രറി പഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള സ്ഥാപനമല്ല. ആയതിനാൽ ലൈബ്രറിക്ക് ആസ്തി ആർജിക്കലിനായി തുക ചെലവഴിച്ചത് അംഗീകരിക്കാനാവില്ല.

ടി വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റന്വേഷണത്തിന് (എൻക്വയറി നം.10/16-17 /12-06-17) 1952 മുതൽ പ്രവർത്തിക്കുന്ന ടി ലൈബ്രറി കൌൺസിലിന്റെ എ ഗ്രേഡ് അംഗീകാരമുള്ളതാണെന്നും ജനങ്ങൾക്ക് വളരെയേറെ പ്രയോജനപ്രദമായ രീതിയിൽ പ്രവർത്തിക്കുന്നതാണെന്നും ഗ്രാമസഭാ നിർദേശത്തിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്ത് കമ്മിറ്റി തീരുമാന പ്രകാരമാണ് പദ്ധതി അംഗീകരിച്ചതെന്നും അറിയിച്ചിരിക്കുന്നു.

ഓഡിറ്റ് നടത്തിയ സ്ഥലപരിശോധനയിലും മേൽ വിവരങ്ങൾ ശരിയാണെന്ന് ബോധ്യപ്പെട്ടുകയുണ്ടായി.

പഞ്ചായത്തിന്റെ ചുമതലയിലുൾപ്പെടാത്തതും സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധവുമായ ഇത്തരം പദ്ധതികൾ ഏറ്റെടുത്ത് നടപ്പിൽ വരുത്താതിരിക്കുവാൻ ഭരണസമിതിയും ഉദ്യോഗസ്ഥരും ശ്രദ്ധിക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം | തുക | ലഭിച്ച | പ്രൊജക്ടിന്റെ | ചെലവ് | ബാലൻസ് |
|---|---|---|---|---|---|

| നൽകിയ സ്ഥാപനം | ലഭിച്ച വർഷം | തുക | പേര് | | |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2016-17 | 75000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് | 75000 | - |
| ബ്ലോക്ക് പഞ്ചായത്ത് | 2016-17 | 56400 | പച്ചക്കറികൃഷി വികസനം | 56400 | _ |
| ബ്ലോക്ക് പഞ്ചായത്ത് | 2016-17 | 200000 | ക്ഷീരകർഷകർക്ക് സബ്സിഡി | 200000 | _ |
| ബ്ലോക്ക് പഞ്ചായത്ത് | 2016-17 | 75000 | പാലിയേറ്റീവ് കെയർ | 75000 | |
| ബ്ലോക്ക് പഞ്ചായത്ത് | 2016-17 | 200000 | ക്രിസ്തുരാജ് ബി.ബി. റോഡ് പുനരുദ്ധാരണം | 200000 | _ |
| ബ്ലോക്ക് പഞ്ചായത്ത് | 2016-17 | 200000 | മുകളുവിള പുതുവീട് ഏലാറോഡ് | 200000 | _ |
| ബ്ലോക്ക് പഞ്ചായത്ത് | 2016-17 | 175000 | കുലതിപൊയ്ക കുന്നുംപുറം കർമലമാതാവനംറോഡ് പുനരുദ്ധാരണം | 175000 | _ |
| ജില്ലാ പഞ്ചായത്ത് | 2016-17 | 75000 | ശാരീരിക മാനസിക വെല്ലുവിളിനേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് | 75000 | _ |

## 4-2 ഡെപ്പോസിറ്റ്‌വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരളാവാട്ടർ അതോറിറ്റി | കുടിവെള്ള ടാപ്പ് സ്ഥാപിക്കൽ | 21600957 DT.31-03-17 | 140000 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല | വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല |
| കേരളാവാട്ടർ അതോറിറ്റി | കുടിവെള്ള ടാപ്പ് സ്ഥാപിക്കൽ | 21600955,21600956 DT.31-03-17 | 473860 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല | വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഇല്ല

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴി ക്കാൻ ബാക്കി യുള്ള തുക |
|---|---|---|---|---|---|
| കേരളാവാട്ടർ അതോറിറ്റി | കുടിവെള്ള ടാപ്പ് | 21600957 DT.31-03-17 | 140000 | വിനിയോഗ സാക്ഷ്യപത്രം | വിനിയോഗ സാക്ഷ്യ |

| | | | | | |
|---|---|---|---|---|---|
| | സ്ഥാപിക്കൽ | | | ലഭ്യമല്ല | പത്രം ലഭ്യമല്ല |
| കേരളാവാട്ടർ അതോറിറ്റി | കുടിവെള്ള ടാപ്പ് സ്ഥാപിക്കൽ | 21600955,21600956 DT.31-03-17 | 473860 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല | വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല |

ഈയിനത്തിൽ തൻവർഷം ലഭിച്ച /വരവില്ല 1500/-രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗ പ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2012-13 | 2.2, 3.6 | 1500 | റ്റി.ദിലീപ്കുമാർ, സെക്രട്ടറി | 11601100503 DT.08-06-2016 |

## 4-7 സമാഹൃതറിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1999-2000 | 3.9 | 2006-07 | 3.11.4 | ജനകീയ പാർപ്പിട പദ്ധതി | അക്കൗണ്ട്സ് കമ്മിറ്റിയുടെ പരിഗണനയിൽ |
| 1999-2000 | 3.7 | 2006-07 | 3.11.4 | പമ്പ്സെറ്റ് സ്ഥാപിക്കൽ | അക്കൗണ്ട്സ് കമ്മിറ്റിയുടെ പരിഗണനയിൽ |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 51581810 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 38847249 |

| | |
|---|---|
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 25000 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 692660 + 8000 |

(ചെലവിനങ്ങളിലുള്ള നഷ്ടം,വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബിയിലേയും സിയിലേയും തുകയാണ്.)

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 25000 | ശ്രീ.സുമേഷ്,വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-2 | 16000 | ശ്രീ.നൗഷർഖാൻ, സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് |
| 3-8 | 20800 | ശ്രീമതി.ചെറുപുഷ്പം,എച്ച്.എം, ഗവൺമെന്റ് എൽ.പി.എസ് |
| 3-9 | 613860 | ശ്രീമതി.കുമാരി ബീന.കെ,സെക്രട്ടറി |
| 3-11 | 50000 | ശ്രീമതി.കുമാരി ബീന .കെ, സെക്രട്ടറി |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.സുമേഷ്,വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ,പേരയം | മുളക്കൽ കിഴക്കതിൽ, ഉളിയക്കോവിൽ.പി.ഓ,കൊല്ലം |

## 4-9 തീർപ്പാക്കുവാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1994-95 | എൽ.എഫ്.ക്യൂ.പി.6/1309/2014തീയതി :20-06-14 | |
| 1996-97 | എൽ.എഫ്.ക്യൂ.പി.6/1309/2014തീയതി :20-06-14 | |
| 1997-98 | എൽ.എഫ്.ക്യൂ.പി.6/1309/2014തീയതി :20-06-14 | |

| | | |
|---|---|---|
| 1998-99 | എൽ.എഫ്.ക്യൂ.പി.6/1309/2014തീയതി :20-06-14 | |
| 1999-2000 | എൽ.എഫ്.ക്യൂ.പി.6/1309/2014തീയതി :20-06-14 | |
| 2000-01 | എൽ.എഫ്.ക്യൂ.പി.6/1309/2014തീയതി :20-06-14 | |
| 2001-02 | എൽ.എഫ്.ക്യൂ.പി.6/1309/2014തീയതി :20-06-14 | |
| 2002-03 | എൽ.എഫ്.ക്യൂ.പി.6/1309/2014തീയതി :20-06-14 | |
| 2003-04 | എൽ.എഫ്.ക്യൂ.പി.6/1309/2014തീയതി :20-06-14 | |
| 2004-05 | എൽ.എഫ്.ക്യൂ.പി.6/1309/2014തീയതി :20-06-14 | |
| 2005-06 | എൽ.എഫ്.ക്യൂ.പി.6/1309/2014തീയതി :20-06-14 | |
| 2006-07 | എൽ.എഫ്.ക്യൂ.പി.6/1309/2014തീയതി :20-06-14 | |
| 2007-08 | എൽ.എഫ്.ക്യൂ.പി.6/1309/2014തീയതി :20-06-14 | |
| 2008-09 | എൽ.എഫ്.ക്യൂ.പി.6/1309/2014തീയതി :20-06-14 | |
| 2009-10 | എൽ.എഫ്.ക്യൂ.പി.6/1309/2014തീയതി :20-06-14 | |
| 2010-11 | എൽ.എഫ്.ക്യൂ.പി.6/1309/2014തീയതി :20-06-14 | |
| 2011-12 | എൽ.എഫ്.ക്യൂ.പി.6/822തീയതി :14-08-13 | |
| 2012-13 | എൽ.എഫ്.ക്യൂ.പി.6/537/2014 തീയതി.08-05-14 | |
| 2013-14<br>2014-15 | കെ.എസ്.എ.കെ.എൽ.എം.പി6/തീയതി. | |
| 2015-16 | കെ.എസ്.എ.കെ.എൽ.എം.പി6/1892/16 തീയതി.04-02-17 | |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ കാര്യാലയം, കൊല്ലം

**4-10** ഓഡിറ്റ് സാക്ഷ്യപത്രം

കെ.എസ്.എ. കെ.എൽ.എം - പി4-1116/ 2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം

ഫോൺ. 0474-2740141

E-mail: doklm.ksad@kerala.gov.in

തീയതി – 15/06/2017

സാക്ഷ്യപത്രം 2016-2017

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4- ാംവകുപ്പ്, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും കൊല്ലം ജില്ലയിലെ പേരയം ഗ്രാമ പഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ പേരയം ഗ്രാമപഞ്ചായത്തിന്റെ 2016-17 ലെ വാർഷിക ധനകാര്യ പത്രിക, വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.